കൃഷിവകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) : സർ, ഇവിടെ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് പ്രധാനപ്പെട്ട ഒരു പ്രശ്നമാണ്. ചെല്ലാനം പഞ്ചായത്തിലെ കണ്ടക്കടവിൽ 420 കർഷകർക്കായിട്ട് ഏകദേശം 500 ഏക്കർ കൃഷിഭൂമി ഉണ്ട്. ഇവിടെ മേയ്-ഒക്ടോബർ വരെ നെൽക്കൃഷിയാണ്. തുടർന്ന് മൽസ്യക്കൃഷിയും നടത്തിവരികയാണ്. നെല്ലിന്റെ കൃഷിവികസന ഏജൻസി വന്നതോടുകൂടി, ആ ഏജൻസിയുടെ മുൻകയ്യോടുകൂടി പൊക്കാളി കൃഷിക്കാർ താൽപ്പര്യപൂർവ്വം കൃഷി ചെയ്തുകൊണ്ടിരിക്കുന്ന സമയമാണിത്. എണ്ണ ടാങ്ക് നിർമ്മിക്കുന്നതിന് കൃഷിഭൂമി ഉപയോഗപ്പെടുത്തുന്നതിനുവേണ്ടി ഗവൺമെന്റ് അനുമതിയൊന്നും നൽകിയിട്ടില്ല. ഇതുമൂലമുണ്ടാകുന്ന പ്രശ്നങ്ങളെ സംബന്ധിച്ച് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ഉന്നയിച്ചതുപോലെ അന്വേഷിക്കുന്നതിന് ഗവൺമെന്റ് തയ്യാറാണ്. ഈ സ്ഥാപനം നഷ്ടപ്പെടാതെ എവിടെ സ്ഥാപിക്കാൻ കഴിയുമെന്നുള്ളത്, മൽസ്യക്കൃഷി നടക്കുകയും വേണം കർഷകനു മുന്നോട്ടു പോകാനുള്ള സാവകാശവുമുണ്ടാകണം. അതിനെ സംബന്ധിച്ച് സ്വതന്ത്രമായി അന്വേഷണം നടത്താൻ ഗവൺമെന്റ് തയ്യാറാണ്.

(9) തൃശൂർ-കൊടുങ്ങല്ലൂർ ഹൈവേയിൽ കരുവന്നൂർ വലിയ പാലത്തിനു പകരം പുതിയ പാലം പണിയണമെന്ന ആവശ്യം

ശ്രീ. ലോനപ്പൻ നമ്പാടൻ : സർ, തൃശൂർ-കൊടുങ്ങല്ലൂർ സ്റ്റേറ്റ് ഹൈവേയിൽ കരുവന്നൂർ വലിയ പാലം വളരെ ദുർബലമായതിനാൽ സമീപം പുതിയൊരു പാലം പണിയുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. നിലവിലുള്ള പാലത്തിന്റെ അറ്റകുറ്റപ്പണികൾ നടത്തി ഉടനെ ഗതാഗതയോഗ്യമാക്കണമെന്നും അഭ്യർത്ഥിക്കുന്നു. ഇതിന് കാലതാമസമുണ്ടായാൽ വലിയ അത്യാഹിതങ്ങളുണ്ടാകാൻ സാധ്യതയുള്ളതുകൊണ്ട് എത്രയുംവേഗം ഈ കാര്യത്തിൽ നടപടികൾ സ്വീകരിക്കണം. പറവൂർ, കൊടുങ്ങല്ലൂർ, മാള, ഇരിങ്ങാലക്കുട, ചേർപ്പ്, തൃശൂർ എന്നീ നിയോജകമണ്ഡലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന ഏറ്റവും ഗതാഗത തിരക്കുള്ള സ്റ്റേറ്റ് ഹൈവേയിലെ പാലമാണിത്. ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധ ഇക്കാര്യത്തിൽ ക്ഷണിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, കൊടുങ്ങല്ലൂർ-തൃശൂർ ഹൈവേയിൽ 1935-ൽ പണി കഴിപ്പിച്ച പാലമാണിത്. കാലപ്പഴക്കംമൂലം അടിഭാഗത്തെ സ്റ്റീൽ ഗർഡറുകൾ തുരുമ്പെടുത്ത് കേടുപാടുകൾ വന്നിട്ടുണ്ട്. കൊടുങ്ങല്ലൂർ ഭാഗത്തുള്ള രണ്ടു സ്ഥാനങ്ങളിലും തൃശൂർ ഭാഗത്തുള്ള രണ്ടു സ്ഥാനങ്ങളിലും കൂടുതൽ കേടുപാടുകൾ ഉണ്ടായിട്ടുണ്ട്. ഇപ്പോഴത്തെ അവസ്ഥയിൽ റിപ്പെയർ ജോലികൾ ചെയ്യുന്നതുകൊണ്ട് വലിയ പ്രയോജനം ഇല്ലെന്നാണ് വിദഗ്ദ്ധാഭിപ്രായം. വാഹനങ്ങൾ കടന്നുപോകുമ്പോൾ വൈബ്രേഷൻ അനുഭവപ്പെടുന്നുണ്ട്. വാഹനങ്ങളുടെ സ്പീഡ്, ഭാരം എന്നിവ നിയന്ത്രിക്കണമെന്ന് ബോർഡും സ്ഥാപിച്ചിട്ടുണ്ട്. പ്രസ്തുത പാലം പുതുക്കിപണിയുന്നതിനുവേണ്ടി 400 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഗവൺമെന്റിന് ലഭിച്ചിട്ടുണ്ട്. ഏറ്റവും വേഗത്തിൽ ഇതിന്മേൽ തീരുമാനമെടുക്കുന്നതാണ്. റിപ്പെയർ ജോലികൾക്കായി 35 ലക്ഷം രൂപയും ശുപാർശ ചെയ്തിട്ടുണ്ട്. പാലം പണിയുന്നതിന് ആവശ്യമായ സ്ഥലം

LIBRARY ARCHIVES Kerala Legislative Assembly

വേണം. സമാന്തരമായി പണിയാനാണ്. ബഡ്ജറ്റിൽ ആവശ്യമായ തുക ഉൾക്കൊള്ളിക്കണം. അത് ഉൾക്കൊള്ളിച്ചുകഴിഞ്ഞാൽ പാലം അടിയന്തിരമായി പണിയുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(10) കോതമംഗലം ആയവന-ആവോലി പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന റോഡുപണി

<u>ശ്രീ. വി. ജെ. പൗലോസ്</u> : സർ, ഞാൻ നേരത്തെ ഒരു പ്രാവശ്യം സബ്മിഷനായും നിരവധി പ്രാവശ്യം രേഖാമൂലവും ബഹുമാനപ്പെട്ട മന്ത്രിക്ക് എഴുതികൊടുത്തിട്ടും യാതൊരു നടപടിയുമുണ്ടാകാത്ത എന്റെ നിയോജക മണ്ഡലത്തിലെ അത്യന്തം ഗൗരവമുള്ള ഒരു റോഡിന്റെ പ്രശ്നമാണ് ഗവൺമെന്റിന്റെ പ്രത്യേക പരിഗണനയ്ക്കായി സഭയുടെ മുന്നിൽ അവതരിപ്പിക്കുന്നത്. എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട ആയവന-ആവോലി പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പി ക്കുന്ന അഞ്ചു കിലോമീറ്റർ ദൈർഘ്യമുള്ള കാരിമറ്റം-രണ്ടാർ റോഡ് ഗതാഗതയോഗ്യമായ പഞ്ചായത്ത് റോഡായിരുന്നത് കൂടുതൽ അഭിവൃദ്ധിപ്പെടുത്തുന്നതിനായി 1992-ൽ പി. ഡബ്ലിയു. ഡി. ഏറ്റെടുത്തതാണ്. അതിനുശേഷം 1994-ൽ ടെണ്ടർ വിളിച്ച കരാറുകാരൻ എഗ്രിമെന്റ് വച്ച് പണി ആരംഭിച്ചു. പക്ഷേ കോൺട്രാക്ടർ ഇടക്കാലത്ത് ഈ പണി ഉപേക്ഷിച്ചുപോയി. ഉപേക്ഷിച്ചുപോയ കോൺട്രാക്ടറുടെ റിസ്ക് ആന്റ് കോസ്റ്റിൽ പണി തുടർന്നു നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ട സർക്കാർ ആ കോൺട്രാക്ടറെ റിസ്ക്ക് ആന്റ് കോസ്റ്റിൽ നിന്നും ഒഴിവാക്കിക്കൊണ്ട് രക്ഷപ്പെടുന്നതിനുള്ള ഒരവസരമാണ് ഉണ്ടാക്കിക്കൊടുത്തിട്ടുള്ളത്. ഞാൻ നിയമസമഭയിൽ ഇതിനുമുമ്പ് സബ്മിഷനായി ഉന്നയിച്ചപ്പോൾ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്, ആകെ അഞ്ചു കിലോമീറ്റർ വരുന്ന നീളമുള്ള റോഡിൽ 200 മീറ്റർ പി. ഡബ്ലിയു. ഡി-ക്ക് സ്ഥലം ഏൽപ്പിച്ചു കൊടുത്തിട്ടില്ല എന്നാണ്. ആ 200 മീറ്റർ ഒഴിച്ച് ബാക്കി നാലു കിലോമീറ്റർ (800 മീറ്റർ) വരുന്ന സ്ഥലം കോൺട്രാക്ടറെ ഏൽപ്പിച്ചുകൊടുത്തത്, ആ കോൺട്രാക്ടർ ഏറ്റെടുക്കുകയും ഗതാഗതയോഗ്യമായിരുന്ന റോഡിൽ പണി ആരംഭിച്ച് ഇപ്പോൾ കുണ്ടും കുഴിയുമായി ഗതാഗതയോഗ്യമല്ലാതെയാക്കിയ, ഏറ്റെടുത്ത ഭാഗം പണി പൂർത്തിയാക്കാൻ കോൺട്രാക്ടറെ നിർബന്ധിപ്പിക്കേണ്ടതിനു പകരം ഒഴിവാക്കികൊടുക്കുക ആണുണ്ടായത്. അതിലെനിക്കു വിരോധമില്ല. പക്ഷേ പി. ഡബ്ലിയു. ഡി ഏറ്റെടുത്ത പണി പൂർത്തിയാക്കണം. റോഡിന് സ്ഥലം വിട്ടുകൊടുത്തില്ല. ബഡ്ജറ്റിൽ കാശില്ല. റോഡിനു വിട്ടുകൊടുത്ത സ്ഥലം അഭിവൃദ്ധിപെടുത്താൻ കോൺട്രാക്ടർ ബാധ്യസ്ഥനാണ്. അദ്ദേഹം അതു നിർവഹിക്കണം. ബഡ്ജറ്റിൽ പണം ഇല്ലെങ്കിലും ബഡ്ജറ്റിൽ പണം വയ്ക്കുന്നത് അങ്ങും ധനകാര്യ വകുപ്പുമന്ത്രിയുമാണ്. അതു പറഞ്ഞിട്ട് കാര്യമില്ല. കഴിഞ്ഞ ദിവസം അഞ്ഞൂറോളം ആളുകൾ, സ്ത്രീകളും കുഞ്ഞുങ്ങളും പ്രായമായവരും ഉൾപ്പെടെ പി. ഡബ്ല്യു.ഡി. ഓഫീസിന്റെ മുമ്പിൽ പ്രക്ഷോഭണം നടത്തി. ഇതിന്റെ ഗൗരവം പരിഗണിച്ചുകൊണ്ട് ഈ റോഡ് അഭിവൃദ്ധിപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly